# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4008 27.06.2012 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിലെ കുഴൽക്കിണറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി.ജോർജ് | | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി | |
| എ) | തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ എത്ര കുഴൽകിണറുകൾ കുഴിച്ചിട്ടുണ്ട് ; വിശദവിവരം നൽകാമോ ; | എ) | 1985-ൽ ജില്ലാ ആഫീസ് നിലവിൽ വന്നതിനുശേഷം പ്രസ്തുത ഓഫീസിലെ മെഷിനറികൾ ഉപയോഗിച്ച് 2190 കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. സ്വകാര്യ റിഗ്ഗുകൾ ഉപയോഗിച്ച് ഗവൺമെന്റ് സ്ഥാപനങ്ങളും വ്യക്തികളും നിർമ്മിച്ച കുഴൽ കിണറുകളുടെ കണക്കുകൾ ലഭ്യമല്ല. |
| ബി) | അവയിൽ ഇപ്പോൾ എത്രയെണ്ണമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് ; | ബി) | വ്യക്തികൾക്കു വേണ്ടിയും, പഞ്ചായത്തുകൾക്ക് വേണ്ടിയും കുഴൽ കിണറുകളുടെ നിർമ്മാണം നടത്തി കൈമാറുകയാണ് പതിവ്. അവയുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് തുടരന്വേഷണം വേണ്ടി വരുന്നില്ല എന്നതിനാൽ കണക്കുകൾ ലഭ്യമല്ല. |
| സി) | കഴിഞ്ഞ വർഷം അറ്റകുറ്റപ്പണികൾ നടത്തിയ കുഴൽകിണറുകളുടെ എണ്ണം എത്രയാണ് ; | സി) | കഴിഞ്ഞ വർഷം 96 ഹാൻഡ് പമ്പുകൾ നന്നാക്കിയും, ഒരു സബ്മേഴ്സിബിൾ പമ്പ് മാറ്റിവച്ചും കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കി യിട്ടുണ്ട്. |
| ഡി) | കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമുണ്ടോ ? | ഡി) | നിലവിലുള്ള നിയമം അനുസരിച്ച് കുഴൽ കിണർ നിർമ്മിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ